**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.791 30.01.2019 -ലെ മറുപടിക്ക്**

**പട്ടികജാതി വികസന ഓഫീസർമാരുടെ നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ നഗരസഭകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) | ഇല്ല. മലപ്പുറം ജില്ലയിൽ നിലവിലുള്ള 12 നഗരസഭകളിൽ, പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുള്ള 2 നഗരസഭകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ നിയമനം നടത്തിയിട്ടുണ്ട്. മറ്റ് നഗരസഭകളിൽ തൊട്ടടുത്തുള്ള ബ്ലോക്കിലെ ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകി വരുന്നു. |
| (ബി) | ഒരേ സമയം ബ്ലോക്കുകളുടേയും നഗരസഭകളുടേയും ഇരട്ടച്ചുമതല വഹിക്കുന്നത് കാരണം നിലവിലുള്ള ഓഫീസർമാർക്കുള്ള പ്രയാസങ്ങളും ഭരണപരമായ കാലതാമസവും ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) | വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ക്രോഡീകരിച്ച ശുപാർശ സമർപ്പിക്കുവാൻ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ജില്ലയിൽ തസ്തിക ഒഴിവുള്ള ബ്ലോക്കുകളിലും നഗരസഭകളിലും പട്ടികജാതി വികസന ഓഫീസർമാരെ നിയമിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം യഥാവിധി ചെലവഴിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ